"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ് - 2024-25 വർഷത്തെ മത്സ്യത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി - പുതുക്കിയ ഭരണാനുമതി നൽകിയും 17.12.2024 മുതൽ ഒരു വർഷത്തേക്ക് ഇൻഷ്വറൻസ് പദ്ധതി പുതുക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.887/2024/F&P തീയതി,തിരുവനന്തപുരം, 17-12-2024

---

പരാമർശം:-

1. സ.ഉ (സാധാ) നം.933/2024/മതുവ തീയതി 25.11.2023
2. സ.ഉ (സാധാ) നം.304/2024/മതുവ തീയതി 18.06.2024
3. സ.ഉ (അച്ചടി) നം. 76/2024/ധന തീയതി 31.08.2024.
4. സ.ഉ (സാധാ) നം. 9340/2024/ധന തീയതി 16.12.2024.
5. ഫിഷറീസ് ഡയറക്ടറുടെ 13.10.2024 തീയതിയിലെ DFTVM/1291/2024-N3 നമ്പർ കത്ത്.
6. മത്സ്യത്തൊഴിലാളി ബോർഡ് കമ്മീഷണറുടെ 27.11.2024 ലെ എഫ്/721/2024 നമ്പർ കത്ത്.
7. സ.ഉ (സാധാ) നം. 9340/2024/ധന തീയതി 16.12.2024.

**ഉത്തരവ്**

മത്സ്യത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡൻറ് ഇൻഷ്വറൻസ് പദ്ധതി കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്ന തുടർ പദ്ധതിയാണ്. പരാമർശം (1) ഉത്തരവ് പ്രകാരമുള്ള നിലവിലെ ഇൻഷ്വറൻസ് പദ്ധതി 16.12.2024-ൽ അവസാനിക്കുകയാണ്. പരാമർശ (2) ഉത്തരവ് പ്രകാരം, മത്സ്യത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിയ്ക്ക് 10 കോടി രൂപ നടപ്പ് സാമ്പത്തിക വർഷത്തെ 2405-00-121-92 (P) ശീർഷകത്തിൽ വകയിരുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്.

2) മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി 17.12.2024 മുതൽ 16.12.2025 വരെ ഒരാൾക്ക് 550/- രൂപ പ്രീമിയം നിരക്കിൽ പുതുക്കുന്നതിന്, ഏറ്റവും കുറവ് പ്രീമിയം തുക ക്വാട്ട് ചെയ്ത ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുടെ ടെൻഡർ അംഗീകരിച്ച് നൽകുന്നതിനും ആവശ്യമായ പ്രീമിയം തുക 13,16,48,550/- രൂപയും 5% ഇംപ്ലിമെന്റേഷൻ ചാർജ്ജ് 65,82,428/- രൂപയും ഉൾപ്പെടെ 13,82,30,978,/-പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനായും

മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതിയുടെ കാലാവധി 17.12.2024-മുതൽ പുതുക്കുന്നതിനും പ്രസ്തുത തുക അനുവദിക്കുന്നതിനുമായും പരാമർശം (5) പ്രകാരം ഫിഷറീസ് ഡയറക്ടർ പ്രൊപോസൽ സമർപ്പിച്ചിരുന്നു. തുടർന്ന് സർക്കാർ നിർദേശ പ്രകാരം മത്സ്യത്തൊഴിലാളി ബോർഡ് കമ്മീഷണർ ടി കമ്പനി അധികൃതരുമായി നടന്ന നെഗോസിയേഷനിൽ പ്രീമിയം തുക 550/- ൽ നിന്ന് 535 രൂപയായി കുറവ് വരുത്തിയ സാഹചര്യത്തിൽ പരാമർശം (2) ഉത്തരവ് പുതുക്കി ഉത്തരവാകുന്നതിനും, ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി സമർപ്പിച്ച പുതുക്കിയ പ്രീമിയം നിരക്ക് പ്രകാരം പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ പ്രീമിയം തുക 12,12,33,140/- രൂപയും (226604 മത്സ്യത്തൊഴിലാളികൾ*535) 5% ഇംപ്ലിമെന്റേഷൻ ചാർജ്ജ് 60,61,657/- രൂപയും ഉൾപ്പെടെ 12,72,94,797/- രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കണമെന്നും 2405-00-121-92 (പി) എന്ന ശീർഷകത്തിൽ അനുവദിച്ച 10 കോടി രൂപയ്ക്ക് പുറമെ അധികമായി വേണ്ടി വരുന്ന 2,72,94,797/- രൂപ അഡീഷണൽ ഓതറൈസേഷൻ / റീ അപ്രൊപ്രീയേഷൻ മുഖേന ലഭ്യമാക്കുന്നതിനും മത്സ്യത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി 17.12.2024 മുതൽ ഒരു വർഷത്തേക്ക് പുതുക്കുന്നതിനും മത്സ്യ ബോർഡ് കമ്മീഷണർ പരാമർശം (6 ) പ്രകാരം ആവശ്യപ്പെട്ടുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പദ്ധതി നടപ്പിലാക്കുന്നതിന് പരാമർശം (7) പ്രകാരം 2,72,95000/- രൂപ അധികധനാനുമതി മുഖേന അനുവദിച്ചിട്ടുണ്ട് .പ്രസ്തുത സാഹചര്യത്തിൽ ,പദ്ധതി ക്രമീകരണവുമായി ബന്ധപ്പെട്ട് 31/08/2024 ലെ സ.ഉ (അച്ചടി) നം. 76/2024/ധന പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിലെ വ്യവസ്ഥകളിൽ ഇളവ് നൽകിക്കൊണ്ട്, ഏറ്റവും കുറഞ്ഞ പ്രീമിയം ക്വാട്ട് ചെയ്ത ദി ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുടെ, ഒരാൾക്ക് 535 രൂപ (നികുതി ഉൾപ്പടെ) എന്ന പ്രീമിയം അംഗീകരിച്ച് 2024-25 വർഷത്തെ മത്സ്യത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് 2405-00-121-92 (പി) എന്ന ശീർഷകത്തിൽ നിന്നും 12,72,94,797/ (പന്ത്രണ്ട് കോടി എഴുപത്തിരണ്ട് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി തൊണ്ണൂറ്റി ഏഴ് രൂപ മാത്രം) രൂപയുടെ പുതുക്കിയ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ച് കൊണ്ടും അപ്രകാരം മത്സ്യത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡൻറ് ഇൻഷ്വറൻസ് പദ്ധതി 17.12.2024 മുതൽ ഒരു വർഷത്തേക്ക് പുതുക്കുന്നതിന് അനുമതി നൽകിക്കൊണ്ടും , സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു,

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K S SRINIVAS
പ്രിൻസിപ്പൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം
കമ്മിഷണർ, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ചീഫ് ,അഗ്രിക്കൾച്ചർ ,സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് , പട്ടം ,തിരുവനന്തപുരം
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
ധനകാര്യ വകുപ്പ് (2945372/WCD-2/203/2024-Fin dated 16.12.2024)
ഡയറക്ടർ, വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Sabitha Shiju
Date: 17-12-2024 12:47:08